"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024-25 ബജറ്റ് പ്രവൃത്തി - പാലക്കാട് ജില്ല -**'ഷൊർണ്ണൂർ നഗരസഭാ - ടൗൺഹാൾ നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2613/2025/LSGD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 14/1/2025, 21/08/2025 തീയതികളിലെ LSGD/PD/43165/2024-DB5 നമ്പർ കത്തുകൾ.
2. സ.ഉ.(അച്ചടി) നം. 48/2025/ധന തീയതി 11/04/2025
3. സ.ഉ.(സാധാ) നം. 1602/2025/ത.സ്വ.ഭ.വ. തീയതി 26/06/2025

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 598 ആയി ഉൾപ്പെടുത്തിയ **'ഷൊർണ്ണൂർ നഗരസഭാ- ടൗൺഹാൾ നിർമ്മാണം'** എന്ന പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പുതുക്കിയ DSoR 2021 പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2,19,10,000/- രൂപയുടെ (രണ്ട് കോടി പത്തൊൻപതു ലക്ഷത്തി പതിനായിരം രൂപ മാത്രം) പുതുക്കിയ എസ്റ്റിമേറ്റിന്മേൽ **'ഷൊർണ്ണൂർ നഗരസഭാ- ടൗൺഹാൾ നിർമ്മാണം'** എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, മരാമത്തുപണികളുടെ വിശദവിവരങ്ങൾ വാല്യം II-ൽ ക്രമ നമ്പർ. 598 ആയി 20% വകയിരുത്തിയതുമായ പാലക്കാട് ജില്ലയിലെ **'ഷൊർണ്ണൂർ നഗരസഭാ- ടൗൺഹാൾ നിർമ്മാണം'** എന്ന പ്രവൃത്തിക്ക് DSoR 2021 പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ആവശ്യമായി വരുന്ന **19,10,000/- രൂപയുടെ (പത്തൊൻപത് ലക്ഷത്തി പതിനായിരം രൂപ മാത്രം)** കൂടി ഉൾപ്പെടുത്തി 2,19,10,000/-

രൂപയുടെ (രണ്ട് കോടി പത്തൊൻപതു ലക്ഷത്തി പതിനായിരം രൂപ മാത്രം) ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കിയ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4217-60-051-94 (NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## REMARKS

1. Chief Engineer shall ensure that the works proposed in the estimate shall satisfy the functional requirements as envisaged along with adequate safety features.
2. The competent TS authority shall ensure the admissibility of provisions included in the estimate with the site conditions before issuing Technical Sanction.
3. The Agency shall invite an open e-tender with wide publicity, as per the conditions of the PWD Manual, through e-tender portal.
4. Bidding shall not be limited to the empanelled Contractors of the Accredited agency, if any.
5. While executing the works through Government approved Accredited agencies, all prevailing government orders issued related to the accredited agencies shall be followed by the Chief Engineer
6. Chief Engineer shall direct the Executive Engineer to ensure that there are no duplication of works/items under different Phases of Construction undertaken by the agency.
7. Chief Engineer shall appoint a competent Engineer, not below the rank of an Assistant Executive Engineer for Joint check measurement, who shall verify the measurements before commencement and on due course of execution of work.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 31-10-2025 16:41:29
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ, പാലക്കാട്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (3071836/DEV-3/56/2025-FIN തീയതി 29-10-2025 ) (എ.എസ്.നം.AS/LGD/25/47286)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി

8. കരുതൽ ഫയൽ (ഡി.ബി1/16/2025/എൽ.എസ്.ജി.ഡി)